# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4867** **22.05.2017-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ ഓവർസിയർമാരുടെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിന്റെ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളും നിരത്തുകളും വിഭാഗം ഓഫീസുകളിൽ ഓവർസിയർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതു കാരണം നിർമ്മാണ പ്രവർത്തനങ്ങളും എസ്റ്റിമേറ്റ് തയ്യാറാക്കലുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ;<br>(ഡി) എന്നത്തേക്ക് പ്രസ്തുത ഒഴിവുകൾ നികത്തുമെന്ന് അറിയിക്കുമോ; | (സി) & (ഡി) തൃപ്പൂണിത്തുറ റോഡ്സ് സെക്ഷനാഫീസിൽ ഒഴിഞ്ഞുകിടന്നിരുന്ന മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. തൃപ്പൂണിത്തുറ ബ്രിഡ്ജസ് സെക്ഷനാഫീസിൽ മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല. കൂടാതെ ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് 27.04.2017-ൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ